Dr.C.T. Eapen Memorial R.H.S.S
Sasthamcottta

# മഷിത്തണ്ട്

## Digital Magazine





# കിളികളാം മൂളൽ

കവിത

കിളികളാം മൂളൽ നാം നടക്കുമാണ് വഴികളിൽ
മൗനമായ് കാതോർത്തിരിക്കവേ .....
പാറും ശബ്ദം കുറുകും ശബ്ദം
കിളികളാം ശബ്ദങ്ങൾ
എന്ത് രസം ...
തനിച്ച് നടക്കുമാണ് പാതയോരങ്ങളിൽ
കിളികളാം ശബ്ദം ഞാൻ
കേൾക്കുമല്ലോ ,ഞാൻ ഓർക്കുമല്ലോ .........
മഴു തിന്ന മാമര കൊമ്പിൽ
തനിച്ചിരുന്നൊടിയാചിറകും വിരിച്ചുയർത്തി...
ഉയരത്തിലേക്ക് പറന്നുയരൂ നീ

ഉയരത്തിലേക്ക് പറന്നുയര്......

പാടത്തിതിനോരങ്ങളിൽ ഉള്ള ചില്ല തൻ ഓരങ്ങളിൽ
ഇനിയും നിന്നെ ഞാൻ കാത്തിരിക്കും
കിളികളാം ശബ്ദങ്ങൾ ഓർത്തിരിക്കും
ഇനിയുമാ ശബ്ദങ്ങൾ ഓർത്തിരിക്കും....

നിമ

മഷിത്തണ്ട്
Digital Magazine

# ഒരു നീലരാവ്

കവിത

ഒരു നീലരാവിൽ മടിത്തട്ടിൽ ഇരുന്നു ഞാൻ
ഒരു പാടു നേരം കിനാവ് കണ്ടു
അഴകുറ്റ ചന്ദ്രനും,നക്ഷത്രമൊത്തു ഞാൻ
ഒരുപാടു നേരം കിനാവ് കണ്ടു

താരങ്ങൾ പൂക്കുമീ രചനയിൽ,
നിന്നെയും കാണുന്നു ചന്ദ്രനേയും
എന്ത് നിർഭാഗ്യമെൻ ജീവിതത്തിനേകിയ
സൗഭാഗ്യമാണെന്നും ഓർത്തിടുന്നു

നിശയിൽ ഞാൻ കാണുന്നു വൃക്ഷത്തിനുള്ളിൽ,
അണ്ണാറക്കണ്ണന്മാരുടെ ചിൽ ചിൽ ശബ്ദം
ആ ശബ്ദമെൻ കാതുകളിൽ
ഇപ്പോഴും മന്ത്രനാദമായി എന്നും മുഴങ്ങിടുമ്പോൾ

കെസിയ .എം

മഷിത്തണ്ട്
Digital Magazine

# യൗവനം

കവിത

ഇതാ ഓർക്കുന്നു സഖേ
ശതകാല കൗമാര നിമിഷങ്ങൾ
ആർത്തിരമ്പുന്നു ഓടികളിച്ചോരാ
പൊയ്മുഖങ്ങൾ വീണ്ടും
വീണ്ടും ഓർക്കുന്നു
അതിരസമാണ് എന്റെ ബാല്യകാലം....

യൗവനത്തെ തൊട്ടു വിളിച്ചുകൊണ്ട് കടക്കുന്നിതാ ....
ആരും എന്നോട് പറഞ്ഞില്ല......
നിമിഷങ്ങൾ കടന്നുപോകവേ
ഞാനെൻ ഓർമ്മകൾ പുതുക്കുന്നു

രാപ്പകലുകളിൽ ബാല്യകാലത്തെ ഞാൻ സ്മരിക്കുന്നു
നമ്മൾ പണ്ട് കൈകോർത്ത് മുന്നോട്ട് പോകവേ
പ്രതിബന്ധങ്ങളെ അതിജീവിച്ചതും ഓർക്കുന്നില്ലേ സഖേ

ആവണി എസ്. ഡി

# പ്രഭാതം

കവിത

രാപ്പകലില്ലാതെ  പെയ്തൊഴിഞ്ഞ മഴ.
തെളിഞ്ഞ ആകാശം പ്രഭാതം വന്നെത്താറായ്
പ്രഭാതത്തിൽ എഴുന്നേറ്റു പെയ്ത് തഴുകിയ താഴ്വാരത്തെ
വിസ്മയ കാഴ്ച്ചകൾ മനസ്സിൽ മൊട്ടിടുന്നു.
മഞ്ഞു കണങ്ങൾ തുളുമ്പി നിൽക്കുന്നു.
മന്ദഹാസം പെയ്തൊഴുകി ഇളംകാറ്റിൽ തലോടി
മഴത്തുള്ളികൾ നൃത്തം ചവിട്ടുന്നു.

മാനം പുൽപ്പരപ്പുപോൽ പരക്കുന്നു.....
ആർത്തിരമ്പുന്ന കാഴ്ച്ചയാലെൻ,
മനസ്സിൽ തട്ടിയതാരോ
വിപഞ്ചിക മീട്ടുന്ന വേളയിൽ ആലാപനമായ്,
തീരുന്നെൻ പക്ഷികൾ.

ഏകാന്തതയില്ല ഇവിടെങ്ങും
പക്ഷികളുടെ കലപില ശബ്ദങ്ങൾക്കിടയിലൊരു
സംഗീതം മാത്രം....

ആവണി എസ്. ഡി

# ഓഖി

കവിത

എന്തിനെൻ സ്വപ്നം തകർത്തു നീ
എന്തിനെന്നെ ദുഃഖത്തിലാഴ്ത്തി നീ
എന്നെ മാത്രമോ,പലരെയും ദുഃഖത്തിലാഴ്ത്തിയോ നീ....

ഇണയായിരുന്ന പലരെയും
പിരിയാൻ ഇടയാക്കിയില്ലയോ നീ

ആനന്ദത്തിലായോരാ കുഞ്ഞിൻ മനസ്സിൻ
ആനന്ദ താണ്ഢവം ആടിയില്ലേ നീ

കൂട്ടിലിരുന്നൊരാ പക്ഷി തൻ
കൂട്ട കരച്ചിൽ നീ കേൾക്കുന്നില്ലേ

അമ്മ തൻ പ്രാർത്ഥനയിൽ കെട്ടിപ്പടുത്തോരാ,
മാളികയെല്ലാം നീ തകർത്തോ

ധന്യമായിരുന്നൊരാ വൃക്ഷങ്ങളെ ശീഘ്രം നിൻ
കൈപ്പടിയിൽ ആക്കിയോ നീ

അറബിക്കടലിൽ ജനിച്ചവളെ എന്തിനീ ക്രൂരത ഞങ്ങളോട്
എന്തിനീ ക്രൂരത ഞങ്ങളോട്

**എയ്ഞ്ചൽ മേരി പ്രിൻസ്**

മഷിത്തണ്ട്
Digital Magazine

# വരകൾ



എയ്ഞ്ചൽ മേരി പ്രിൻസ്



# വരകൾ







അപർണ്ണ എ. ആർ

